പോലീസിനും അഗ്നിശമനസേനയ്ക്കും വാങ്ങിയ വാഹനങ്ങളും ഉപകരണങ്ങളും

23 (*743) ശ്രീ. റ്റി. എ. അഹമ്മദ് കബീർ :
ശ്രീ. കെ. എം. ഷാജി :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ്, ഫയർ ആന്റ് റെസ്ക്യൂ വിഭാഗം എന്നിവയുടെ പ്രവർത്തനത്തിന്റെ ഭാഗമായി വാങ്ങിയ ആധുനിക വാഹനങ്ങൾ, ആയുധങ്ങളുൾപ്പെടെയുള്ള മറ്റുപകരണങ്ങൾ എന്നിവ ദുരുപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇവയുടെ വിനിയോഗം, ഗുണനിലവാരം എന്നിവ സംബന്ധിച്ച് ഏതെങ്കിലും പരിശോധന ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടത്തിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദവിവരം നൽകാമോ ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം വാങ്ങിയ ആധുനിക വാഹനങ്ങൾ, വിലപിടിപ്പുള്ള മറ്റുപകരണങ്ങൾ, ലഭ്യമായ സേനാവിഭാഗങ്ങൾ എന്നിവ സംബന്ധിച്ച വിശദവിവരം നൽകാമോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : സർ,

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പോലീസ് വകുപ്പിൽ സമയാസമയങ്ങളിൽ നടത്താറുള്ള പരിശോധന ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷവും അതാത് യൂണിറ്റുകൾ നടത്തിയിട്ടുണ്ട്. വാഹനങ്ങളുടെയും, ആയുധങ്ങളുടെയും, ഉപകരണങ്ങളുടെയും വിനിയോഗവും, ഗുണനിലവാരവും പരിശോധിച്ച് ഉറപ്പുവരുത്തിയതിന് ശേഷമേ അവ വാങ്ങുകയുള്ളൂ. വാഹനങ്ങളുടെ വിനിയോഗം സംബന്ധിച്ച് വെഹിക്കിൾ ഡയറിയിൽ രേഖപ്പെടുത്തിയും ആയത് എല്ലാ മാസവും പരിശോധിച്ച് വിലയിരുത്തുകയും ചെയ്യുന്നുണ്ട്. വാഹനങ്ങളുടെ ഗുണനിലവാരം ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്. ആയുധങ്ങളുടെ വിനിയോഗവും ഗുണനിലവാരവും സംബന്ധിച്ചുള്ള പീരിയോഡിക്കൽ പരിശോധന എല്ലാ വർഷവും DySP (Arms) നടത്താറുണ്ട്. പോലീസ് വകുപ്പിലെ മറ്റുപകരണങ്ങളുടെ പരിശോധനയും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കാലാകാലങ്ങളിൽ നടത്താറുണ്ട്.

ഫയർ ആന്റ് റെസ്ക്യൂ വകുപ്പ് സ്റ്റേഷൻ തലത്തിൽ ആഴ്ചതോറും ട്രയൽ റണ്ണുകളും ടെസ്റ്റ് ടേൺ ഔട്ടുകളും മറ്റും നടത്തി വാഹനങ്ങളുടെയും ഉപകരണങ്ങളുടെയും ഗുണനിലവാരം പരിശോധിക്കാറുണ്ട്. നിലയത്തലവൻ ടി ടെസ്റ്റുകൾ നടത്തുന്നുണ്ട്. കൂടാതെ ജില്ലാ മേധാവിയായ അസിസ്റ്റന്റ് ഡിവിഷണൽ ഓഫീസറും ഡിവിഷണൽ മേധാവിയായ ഡിവിഷണൽ ഓഫീസറും ടി ടെസ്റ്റുകൾ പരിശോധിക്കാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പോലീസ് സേനയെ സംബന്ധിക്കുന്ന വിവരം അനുബന്ധം-I -ലും, അഗ്നിശമനസേനയെ സംബന്ധിക്കുന്ന വിവരങ്ങൾ അനുബന്ധം-II-ലും ഉൾപ്പെടുത്തിയിട്ടുണ്ട്.*

സബ്സിഡി നിരക്കിൽ മണ്ണെണ്ണ വിതരണം

24 (*744) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. എസ്. ശർമ്മ :
ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങളിലൂടെ വിതരണം ചെയ്യുമെന്ന് പ്രഖ്യാപിച്ച സബ്സിഡി നിരക്കിലുള്ള മണ്ണെണ്ണ മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കിയിട്ടുണ്ടോ ;

(ബി) ഒരു മത്സ്യത്തൊഴിലാളിക്ക് ഒരു ലിറ്റർ മണ്ണെണ്ണയ്ക്ക് അനുവദിക്കുന്ന പരമാവധി സബ്സിഡി തുക എത്രയായിരിക്കുമെന്ന് വ്യക്തമാക്കുമോ ;

(സി) അർഹതയുള്ള എല്ലാ മത്സ്യത്തൊഴിലാളികൾക്കും സബ്സിഡി നൽകുന്നതിന് പ്രതിവർഷം എത്ര കോടി രൂപ ആവശ്യമായി വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(ഡി) ബജറ്റിൽ ഇതിനായി വകയിരുത്തിയ തുകയിൽ എത്ര ശതമാനം ഇതിനകം ചെലവഴിച്ചുവെന്നും അർഹതയുള്ള മത്സ്യത്തൊഴിലാളികൾ എത്രയാണെന്നും വ്യക്തമാക്കുമോ ;

(ഇ) കാലാവധി കഴിഞ്ഞതും ലൈസൻസ് ഇല്ലാത്തതുമായ ഔട്ട് ബോർഡ് എഞ്ചിന്റെ പേരിൽ സബ്സിഡി ചോർന്നു പോകാതിരിക്കാനുള്ള കരുതൽ നടപടി എന്താണെന്ന് വിശദമാക്കുമോ ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) :

(എ) പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സബ്സിഡി നിരക്കിൽ വെള്ള മണ്ണെണ്ണ വിതരണം ചെയ്യുന്നതിനുള്ള പ്രാഥമിക നടപടികൾ സ്വീകരിച്ചുവരുന്നു. പ്രാഥമിക മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങളിലൂടെ മണ്ണെണ്ണ വിതരണം ചെയ്യുന്നതിന് നിയമാനുസൃതമായ ചില തടസ്സങ്ങൾ ഉള്ളതിനാൽ മത്സ്യഫെഡിന്റെ നിയന്ത്രണത്തിൽ ജില്ലാടിസ്ഥാനത്തിൽ മണ്ണെണ്ണ ബങ്കുകൾ സ്ഥാപിച്ചുകൊണ്ട് ഓയിൽ കമ്പനികളിൽ നിന്നും വെള്ള മണ്ണെണ്ണ ശേഖരിച്ച് വിതരണം ചെയ്യുവാനാണ് ലക്ഷ്യമിടുന്നത്.

(ബി) ഒരു മത്സ്യത്തൊഴിലാളിക്ക് ലിറ്ററൊന്നിന് പരമാവധി 25 രൂപ സബ്സിഡി അനുവദിച്ചുകൊണ്ട് മണ്ണെണ്ണ വിതരണം ചെയ്യുവാനാണ് ലക്ഷ്യമിടുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly